പുതിയ ഫോറസ്റ്റ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള പദ്ധതി

232 (6382) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. വി. റ്റി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പദ്ധതിയുടെ വിശദാംശങ്ങൾ എന്തെല്ലാമാണ് ; വിശദീകരിക്കുമോ ;

(സി) വനസംരക്ഷണ പ്രവർത്തനങ്ങൾക്ക് ഇവ എത്രമാത്രം സഹായകരമാകും എന്നാണ് പ്രതീക്ഷിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ & ബി) ഉണ്ട്. വനസംരക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുവേണ്ടി കഴിഞ്ഞ സാമ്പത്തിക വർഷം (2013-14) വയനാട് ജില്ലയിൽ 5 ഉം പെരിയാർ ഡിവിഷനിൽ 4 ഉം ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ വയനാട് ജില്ലയിൽ ഒരു എലിഫന്റ് സ്കാഡും അനുവദിച്ചിട്ടുണ്ട്. മേൽപ്പടി സ്റ്റേഷനുകൾക്ക് ആവശ്യമായ ജീവനക്കാരെയും ആവർത്തന ആവർത്തനേതരചിലവുകളും അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഫോറസ്റ്റ് സ്റ്റേഷൻ സ്ഥാപിക്കുന്നതിലൂടെ വനസംരക്ഷണത്തിനുവേണ്ടി അധിക തസ്തികകളും ആധുനിക ആയുധ സാമഗ്രികൾ, വാഹനങ്ങൾ, ആധുനിക വാർത്താ വിനിമയ ഉപകരണങ്ങൾ ലഭ്യമാക്കി വനസംരക്ഷണം കാര്യക്ഷമമാക്കുന്നതിന് സാധിക്കുന്നു.

(സി) വന സംരക്ഷണ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും സമഗ്രമായ വനം-വന്യജീവി സംരക്ഷണം, സംരക്ഷണവും പരിപാലനവും ശാക്തീകരിക്കൽ, പങ്കാളിത്ത വനപരിപാലനം നടപ്പാക്കൽ, ഇക്കോടൂറിസം, പദ്ധതികളുടെ നിർവ്വഹണം, കാട്ടുതീ പ്രതിരോധം, വനാശ്രിതത്വം കുറയ്ക്കുന്നതിനുള്ള ഇക്കോ ഡെവലപ്മെന്റ് പദ്ധതികൾ നടപ്പാക്കൽ, മനുഷ്യൻ-വന്യജീവി സംഘർഷം നിയന്ത്രിക്കൽ എന്നീ പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കുവാൻ ഫോറസ്റ്റ് സ്റ്റേഷനുകൾ വഴി കഴിയുന്നു. വനം സംബന്ധമായ കേസ്സുകൾ കോടതിയിൽ ചാർജ്ജ് ചെയ്യുന്നതിനും ബന്ധപ്പെട്ട ഫോറസ്റ്റ് സ്റ്റേഷൻ ഡെപ്യൂട്ടി റെയിഞ്ചോഫീസറെ അധികാരപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം കൂടുതൽ വനസംരക്ഷണ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനും ഫോറസ്റ്റ് സ്റ്റേഷനുകൾ സഹായകരമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വനസംരക്ഷണ പ്രവർത്തനങ്ങൾക്കായി നാളിതുവരെ 114 ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്. പുതുതായി ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുവേണ്ടി 11 കെട്ടിടങ്ങൾ പണിപൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ ഫോറസ്റ്റ് സ്റ്റേഷനോടനുബന്ധിച്ച് സംരക്ഷണ പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്ന ജീവനക്കാർക്കുവേണ്ടി ക്വാർട്ടേഴ്സുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികളും നടപ്പിലാക്കിവരുന്നു.

വനസംരക്ഷണത്തിനായി പുതിയ ഫോറസ്റ്റ് സ്റ്റേഷനുകൾ

233 (6383) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വാഭാവിക വനങ്ങളുടെ അതിർത്തി നിർണ്ണയിക്കുന്നതിനും സംരക്ഷിക്കുന്നതിനും നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(ബി) സംസ്ഥാനത്ത് ഇപ്പോൾ എത്ര ഫോറസ്റ്റ് സ്റ്റേഷനുകൾ നിലവിലുണ്ട് ;

(സി) ഫോറസ്റ്റ് സ്റ്റേഷനുകളില്ലാത്ത ഡിവിഷനുകൾ ഏതൊക്കെയാണ് ; ഇവിടങ്ങളിൽ പുതിയ ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നകാര്യം പരിഗണനയിലുണ്ടോ ;

(ഡി) എങ്കിൽ വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) സ്വാഭാവിക വനങ്ങളുടെ അതിർത്തി നിർണ്ണയിക്കുന്നതിനും സംരക്ഷിക്കുന്നതിനും നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു :

1. Survey of Forest Boundaries (BH:2406-01-005-98 & 4406-01-800-89)
2. Forest Protection (BH: 2406-01-101-81 & 4406-01-800-88)
3. Integrated Forest Management (BH:4406-01-800-88)

വനം കയ്യേറ്റം ഉള്ളതായും അതിർത്തി വ്യക്തമല്ലാത്തതുമായ വനപ്രദേശങ്ങൾ ഫോറസ്റ്റ് മിനി സർവ്വേ ചെയ്ത് അതിർത്തി നിർണ്ണയിച്ച് ജണ്ടകെട്ടി സംരക്ഷിച്ചുവരുന്നു.

(ബി) സംസ്ഥാനത്ത് ഇപ്പോൾ 114 ഫോറസ്റ്റ് സ്റ്റേഷനുകൾ നിലവിലുണ്ട്.

(സി) ഫോറസ്റ്റ് സ്റ്റേഷനുകളില്ലാത്ത ഡിവിഷനുകൾ ചുവടെ ചേർക്കുന്നു :

1. നെന്മാറ
2. അച്ചൻകോവിൽ
3. തിരുവനന്തപുരം

LIBRARY ARCHIVES Kerala Legislative Assembly